**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1017** **10-06-2021 - ൽ മറുപടിയ്ക്ക്**

**വാസയോഗ്യമല്ലാത്ത ഇരട്ട വീട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ യു ജനീഷ് കുമാർ | | Shri. K. Rajan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ചില കോളനികളിൽ വാസയോഗ്യമല്ലാത്ത ഇരട്ട വീട്ടുകളാണ് ഇപ്പോഴും നിലവിലുള്ളത് എന്നത് പരിഗണിച്ച് ഇത്തരക്കാർക്ക് വാസയോഗ്യമായ ഒറ്റ വീട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (എ) | എം.എൻ ലക്ഷം വീട് പദ്ധതിക്കുവേണ്ടി, ഭവന നിർമ്മാണ ബോർഡ് സ്പെഷ്യൽ ബമ്പർ ലോട്ടറി നടത്തി സമാഹരിച്ച 6,16,63,260/- രൂപ ഉപയോഗിച്ച് എം.എൻ.ലക്ഷം വീട് പദ്ധതിയിൽ ഉൾപ്പെട്ട വീട്ടുകളുടെ പുനർ നിർമ്മാണത്തിനും ഇരട്ട വീട്ടുകൾ ഒറ്റ വീട്ടുകളാക്കുന്നതിനും അറ്റകുറ്റപ്പണി നടത്തുന്നതിനുമായി 4 ലക്ഷം രൂപ വീതം 4 ഗഡുക്കളായി അനുവദിക്കുന്ന പദ്ധതിക്കായി വിവിധ ജില്ലകളിലായി 154 വീട്ടുകൾ നൽകുവാൻ തിരഞ്ഞെടുത്തിട്ടുണ്ട്. അനുവദിച്ച വീട്ടുകളുടെ പട്ടിക ചുവടെ ചേർക്കുന്നു. നം. ജില്ല നിയമസഭ മണ്ഡലം ത.സ്വഭ സ്ഥാപനം ഉപഭോക്താക്കളുടെ/ വീട്ടുകളുടെ എണ്ണം 1 കാസർഗോഡ് മഞ്ചേശ്വരം എൻമകജെ ഗ്രാമ പഞ്ചായത്ത് 12 കുമ്പള " 10 ഉദുമ ഉദുമ " 9 പുല്ലൂർ പെരിയ" 10 തൃക്കരിപ്പൂർ തൃക്കരിപ്പൂർ " 6 2 കണ്ണൂർ തളിപ്പറമ്പ് പാന്തൂർ മുനിസിപ്പാലിറ്റി 26 3 മലപ്പുറം തവന്നൂർ എടപ്പാൾ ഗ്രാമ പഞ്ചായത്ത് 11 പൊന്നാനി മാറാഞ്ചേരി" 12 4 തൃശ്ശൂർ കൈപ്പ മംഗലം എടവിലങ്ങ" 19 5 പാലക്കാട് ഷൊർണ്ണൂർ വെള്ളിനേഴി " 16 6 പത്തനംതിട്ട അടൂർ കടമ്പനാട് " 21 ----------- ആകെ 152 മലപ്പുറം, എടപ്പാൾ, പൊൻകുന്ന് കോളനി അനുവദിച്ച വീട്ടുകളുടെ എണ്ണം 2 ---------- ആകെ 154 ഈ അംഗീകരിച്ച പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള പഞ്ചായത്ത്/മുനിസിപ്പാലിറ്റിയിൽ ഉൾപ്പെട്ടിട്ടുള്ള വീട്ടുകൾ മാത്രമേ നിലവിൽ പരിഗണിക്കാൻ സാധിക്കുകയുള്ളൂ. ഭവന നിർമ്മാണ ബോർഡ് എം.എൻ. ലക്ഷം വീട് പദ്ധതിയ്ക്ക് വേണ്ടി സ്പെഷ്യൽ ബമ്പർ ലോട്ടറി നടത്തി സമാഹരിച്ച 6,16,63,260/- രൂപയിൽ നിന്നും സ.ഉ.(കൈ)നം.12/2018/ഭവനം തീയതി 30/11/2018 ഉത്തരവ് പ്രകാരം 1.5 കോടി രൂപയും, സ.ഉ.(സാധാ)നം.23/2020/ഭവനം തീയതി 21/07/2020 ഉത്തരവ് പ്രകാരം 1.5 കോടി രൂപയും എം.എൻ |

| | | | |
|---|---|---|---|
| | | | ലക്ഷം വീട് പദ്ധതിയ്ക്കുവേണ്ടി അനുവദിച്ചിട്ടുണ്ട്. ഭവന നിർമ്മാണ ബോർഡിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ബാക്കി തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ